പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2206 | 22.01.2014 -ൽ മറുപടിക്ക്

എലത്തൂർ മണ്ഡലത്തിൽ പുതിയ ബസ് റൂട്ട് അനുവദിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ. എ. കെ. ശശീന്ദ്രൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ പുതുതായി ഏതെല്ലാം റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ് അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | (എ) | എലത്തൂർ നിയോജക മണ്ഡലത്തിൽ കൂടി 4 പുതിയ സർവ്വീസുകൾ അനുവദിച്ചിട്ടുണ്ട്.<br>1). 15.05 മണി തൊട്ടിൽപ്പാലം<br>2). 06.00 മണി കുന്നമംഗലം (പയമ്പ്ര വഴി)<br>3). 07.00 മണി ചീക്കിലോട്<br>4). 12.30 മണി പള്ളിപൊയിൽ |
| (ബി) | എലത്തൂർ - പാവങ്ങാട് - അണ്ടിക്കോട് - അന്നശ്ശേരി - പാവണ്ടൂർ - കാക്കൂർ, പിസിപാലം - നരിക്കുനി എന്നീ റൂട്ടുകളിൽ പുതുതായി കെ.എസ്.ആർ.ടി.സി. ബസ് അനുവദിച്ചു കിട്ടാനുള്ള അപേക്ഷ കിട്ടിയിട്ടുണ്ടോ ; | (ബി) | കിട്ടിയിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത റൂട്ടുകളിൽ എപ്പോൾ മുതൽ ബസ് അനുവദിക്കുമെന്ന് വെളിപ്പെടുത്താമോ ? | (സി) | ഷോർട്ട് വീൽ ബെയ്സ്ഡ് ബസ് ഉപയോഗിച്ച് മാത്രമെ ടി റൂട്ടുകളിൽ സർവ്വീസ് നടത്തുവാൻ കഴിയുകയുള്ളൂ. ഷോർട്ട് വീൽ ബെയ്സ്ഡ് ബസ്സിന്റെ കുറവ് അനുഭവപ്പെടുന്നതിനാൽ സർവ്വീസ് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ